**Lang. Code : 09**

इस पुस्तिका में **24** पृष्ठ हैं ।
This booklet contains **24** pages.

# ATA-19-I

**प्रश्न-पत्र I / PAPER I**

**मलयालम भाषा परिशिष्ट**
**Malayalam Language Supplement**
**भाग IV & V / PART IV & V**

परीक्षा पुस्तिका संकेत
Test Booklet Code

**A**

परीक्षा पुस्तिका संख्या
Test Booklet No.

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24)पर दिए निर्देशों को ध्यान से पढ़ें ।**
**Read carefully the Instructions on the Back Cover (Page 23 & 24) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें । / For instructions in Malayalam see Page 2 of this Booklet.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I, II, III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **संकेत** है **A** । यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा I - (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा II - (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए ।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग-IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

## *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Parts I, II, III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Balck/Blue Ball Point Pen only** for writing particulars on this page / marking responses in the Answer Sheet.
5. The CODE for this Language Booklet is **A**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language I - (Malayalam) (Q. 91 to Q. 120)
   Part-V : Language II - (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part -V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________
Name of the Candidate (in Capitals) :
अनुक्रमांक : (अंकों में) ____________
Roll Number : in figures
: (शब्दों में) ____________
: in words
परीक्षा केन्द्र (बड़े अक्षरों में) : ____________
Centre of Examination (in Capitals) :
परीक्षार्थी के हस्ताक्षर : ____________ निरीक्षक के हस्ताक्षर : ____________
Candidate's Signature : Invigilator's Signature :
Facsimile signature stamp of
Centre Superintendent ____________

**A**

**Lang. Code : 09**

# ATA-19-I

പരീക്ഷാ ചെറുപുസ്തക സങ്കേതം

**A**

ഈ പുസ്തികയിൽ **24** താളുകൾ ഉണ്ട്.

## പേപ്പർ I

## മലയാളം ഭാഷാ അനുബന്ധം

## ഭാഗം IV & V

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :**

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കു-വേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I, II, III ഉം ഭാഗം മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **A** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന രണ്ടു ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം IV - ഭാഷ I (മലയാളം) (ചോദ്യം 91 - 120)
   ഭാഗം V - ഭാഷ II (മലയാളം) (ചോദ്യം 121 - 150)
7. ഭാഗം IVൽ (ഭാഷ I) **30** ചോദ്യങ്ങളും, ഭാഗം Vൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I / ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ____________________

റോൾ നമ്പർ : (അക്കത്തിൽ) ____________________

: (അക്ഷരത്തിൽ) ____________________

പരീക്ഷാ കേന്ദ്രം (വലിയ അക്ഷരത്തിൽ) : ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ____________________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ____________________

Facsimile signature stamp of
Centre Superintendent ____________________

**ഭാഷ I മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV (ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV [Q. No. 91 – 120],** if they have opted **MALAYALAM** as **LANGUAGE – I** only.

## ഭാഗം – IV
## ഭാഷ – I
## മലയാളം

**ഭാഷ – I മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – IV (ചോദ്യങ്ങൾ 91-120) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (91-99) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

ഗാന്ധിക്ക് ഫീനിക്സ് പോലെ ഒരു സമൂഹ സഹവാസകേന്ദ്രം ട്രാൻസ്വാളിൽ ആരംഭിക്കേണ്ടത് അത്യാവശ്യമായിരുന്നു. സത്യഗ്രഹസമരത്തിലേർപ്പെടുന്നവരുടെ കുടുംബങ്ങളെ പോറ്റാൻ അത്തരമൊരു കേന്ദ്രമുണ്ടായാലേ കഴിയുമായിരുന്നുള്ളൂ. ഈ അവസ്ഥ മനസ്സിലാക്കി ഗാന്ധിയുടെ സുഹൃത്ത് ഹെർമൻ കല്ലൻ ബാക്ക് ജോഹനാസ്ബർഗ്ഗിൽ നിന്ന് 20 നാഴിക അകലെയുള്ള ലോലി (Lowley) എന്ന സ്ഥലത്ത് 1100 ഏക്കർ വരുന്ന ഒരു കൃഷിസ്ഥലം (Farm) വാങ്ങി സത്യഗ്രഹികൾക്ക് സൗജന്യമായി ഉപയോഗിക്കാൻ നൽകി. അവിടെ ആയിരത്തോളം ഓറഞ്ച്. ആപ്രിക്കോട്ട്, പ്ലം എന്നീ ഫലവൃക്ഷങ്ങളും ഒരു നല്ല വീടും രണ്ടു കിണറുകളും ഒരു നീരുറവയുമുണ്ടായിരുന്നു. ചെറിയ ചില കുന്നുകളുടെ താഴ്‌വരയിലുള്ള ആ സ്ഥലത്ത് ഫലപുഷ്ടിയുള്ള മണ്ണാണുണ്ടായിരുന്നത്. കല്ലൻബാക്ക് നല്ല ശില്പിയായിരുന്നതുകൊണ്ട് ആ ഫാമിൽ സത്യഗ്രഹസമരം നടത്തുന്ന ഇന്ത്യക്കാർക്ക് ആവശ്യമായ വീടുകളുണ്ടാക്കുന്നതിൽ വിഷമമുണ്ടായില്ല. അതിനെ 'ടോൾസ്റ്റോയ്ഫാം' എന്നു വിളിക്കാൻ ഗാന്ധി തീരുമാനിച്ചു. ഫാം നോക്കി നടത്തുന്നതിൽ ഗാന്ധിക്ക് വളരെ സന്തോഷം അനുഭവപ്പെട്ടിരുന്നു. ആർഭാടമൊന്നുമില്ലാതെ ലളിതജീവിതം നയിക്കാൻ പറ്റിയ സ്ഥലമായിരുന്നു അത്. ഒട്ടും പണമില്ലാതെതന്നെ ഭക്ഷണസാധനങ്ങളും മറ്റും അദ്ധ്വാനിച്ചുണ്ടാക്കി അവിടെ ജീവിക്കാനാവും. ഫാമിലെ പരമാധികാരിയായി ഗാന്ധിയെ എല്ലാവരും അംഗീകരിച്ചു.

പത്തു സ്ത്രീകൾക്കും അറുപതുപുരുഷന്മാർക്കും താമസിക്കാവുന്ന വീടുകളാണ് ഫാമിലുണ്ടാക്കിയത്. ഗുജറാത്ത്, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഉത്തരേന്ത്യയിലെ പ്രദേശങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള മുസ്ലിങ്ങളും ഹിന്ദുക്കളും ക്രിസ്ത്യാനികളും പാഴ്സികളും ഫാമിൽ താമസിച്ചിരുന്നു.

ഇതിൽ ഹിന്ദുക്കളല്ലാത്തവരുടെ കുടുംബത്തിലുള്ളവർ മാംസഭക്ഷണം ശീലമാക്കിയവരായിരുന്നു. അവരോട് മാംസഭക്ഷണം ഉപേക്ഷിക്കണമെന്നു പറയുന്നത് ശരിയല്ലെന്ന് ഗാന്ധിക്കു തോന്നിയിരുന്നു. പക്ഷേ, ഗാന്ധിയുടെ അഭിപ്രായങ്ങളറിയുന്ന ആ കുടുംബാംഗങ്ങൾ സസ്യഭക്ഷണം കൊണ്ട് തൃപ്തിപ്പെടാൻ സ്വമേധയാ തയ്യാറായി. ഫാമിൽ വീടുണ്ടാക്കാനുള്ള പണികൾ, കൃഷിപ്പണി, മലം അടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യൽ, ഭക്ഷണം പാകം ചെയ്യൽ തുടങ്ങിയ പണികളെല്ലാം അവിടെ താമസിക്കുന്ന സ്ത്രീ-പുരുഷന്മാരാണ് ചെയ്തിരുന്നത്.

**91. ടോൾസ്റ്റോയ് ഫാം എന്നത്**

(1) ടോൾസ്റ്റോയിയുടെ ജന്മസ്ഥലം

(2) ടോൾസ്റ്റോയിയുടെ സ്മാരകം

(3) ലളിത ജീവിതം നയിക്കാൻ ഗാന്ധിജി പണിത സ്ഥലം

(4) ദക്ഷിണാഫ്രിക്കയിലെ കൃഷിഭൂമി

**92. 'പരമാധികാരം' സമാസം ഏത്**

(1) അവ്യയീഭാവൻ

(2) ദ്വിഗു

(3) ബഹുവ്രീഹി

(4) കർമ്മധാരയൻ

**93. ഫാമിൽ താമസിച്ചിരുന്നവരിൽപ്പെടാത്തതായി ലേഖനത്തിൽ കാണുന്നത്**

(1) പാഴ്സികൾ

(2) ജൈനർ

(3) ക്രിസ്ത്യാനികൾ

(4) മുസ്ലിങ്ങൾ

94. ലളിതം – വിപരീതപദം

(1) അയത്നം

(2) കഠിനം

(3) ശോകം

(4) ദരിദ്രം

95. സമരക്കാർക്ക് ആവശ്യമായ വീടുനിർമ്മിച്ചത്

(1) ലോലി

(2) താമസക്കാർ

(3) കല്ലൻബാക്ക്

(4) ടോൾസ്റ്റോയ്

96. താമസക്കാർ സ്വമേധയാ തയ്യാറായത്

(1) മാംസഭക്ഷണം ഉപേക്ഷിക്കാൻ

(2) മാംസഭക്ഷണം ശീലമാക്കാൻ

(3) സസ്യഭക്ഷണം ഉപേക്ഷിക്കാൻ

(4) സസ്യഭക്ഷണവും മാംസഭക്ഷണവും ശീലമാക്കാൻ

97. ഫാം നോക്കി നടത്തുന്നതിനോട് ഗാന്ധിജിക്കുണ്ടായിരുന്ന മനോഭാവം

(1) സങ്കടം

(2) ഉത്സാഹം

(3) താത്പര്യമില്ലായ്മ

(4) സന്തോഷം

98. കല്ലൻബാക്ക് ഒരു

(1) നേതാവാണ്

(2) താമസക്കാരനാണ്

(3) ശില്പിയാണ്

(4) രാഷ്ട്രീയക്കാരനാണ്

99. ഗാന്ധിജി സമൂഹവാസകേന്ദ്രം സ്ഥാപിച്ചത്

(1) പോർബന്തറിൽ

(2) ജോഹനാസ് ബർഗ്ഗിൽ

(3) വാർദ്ധയിൽ

(4) നവഖാലിയിൽ

**താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (100-105) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

ഓണവെയ്‌ലൊളിചിന്നുമൊരു സുപ്രഭാതത്തി-
ലാണു കണ്ടതു ഞാനാഗ്രാമത്തിൻ കിടാങ്ങളെ-
അന്നവർ പൂക്കൂടയിൽ കൈത്തോട്ടിൽ നിന്നും താമ്ര-
പിംഗളമാമ്പൽപ്പൂക്കളിറുത്തു നിറയ്ക്കുന്നു.-
അറിയാമെനിയ്ക്കിവർ ചേറ്റിലെക്കുഞ്ഞുങ്ങളി-
യലരാൽ മാവേലിക്കു പൂക്കളം തീർക്കുംനാളെ.
എങ്ങിവരുടെ പഞ്ഞക്കെടുനീർ? എങ്ങീഹൃദ-
യങ്ങളിൽ വികസിക്കും നിസ്സർഗ്ഗകലോല്ലാസം!
"എന്തിനീയാമ്പൽപ്പൂക്കൾ"? വെറുതെ ചോദിച്ചേൻ ഞാൻ-
അന്തികേ തണ്ണീർകോരുമവർ തൻ മാതാവോതി. "നാലുമുക്കാലോമറ്റോ നൂറു പൂവിറ്റാൽകിട്ടും.-
മാലകെട്ടാനാണത്രേ, വല്ലതും വാങ്ങിത്തിന്നാം."

**100.** **ഓണക്കാല പുലരിയിൽ കവി കണ്ടകാഴ്ചയെന്ത് ?**

(1) കുട്ടികൾ കളിക്കുന്നു

(2) പൂക്കളിറുക്കുന്നു

(3) ഊഞ്ഞാലാടുന്നു

(4) ആമ്പൽ പൂത്തുനിൽക്കുന്നു

**101.** **ഏതു പൂവാണ് കുട്ടികളിറുക്കുന്നത്**

(1) പിംഗള

(2) മുക്കുറ്റി

(3) നാലുമണിപ്പൂവ്

(4) ആമ്പൽ

**102.** **'പഞ്ഞം' എന്ന വാക്കിന്റെ അർത്ഥം**

(1) മാല്

(2) നീര്

(3) ചേറ്

(4) ക്ഷാമം

**103. 'പൂവ്' എന്നതിന് പകരമായി കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദം**

(1) താമ്രം

(2) അലർ

(3) മാല

(4) ഒളി

**104. 'വികാസം' എന്നതിന്റെ വിപരീതപദം**

(1) പരിഹാസം

(2) ചുരുക്കം

(3) സങ്കോചം

(4) സങ്കുചിതം

**105. കുട്ടികൾ പൂവിറുക്കുന്നത് എന്തിനുവേണ്ടിയെന്നാണ് കവി സങ്കല്പം**

(1) പൂക്കൂട തിറയ്ക്കാൻ

(2) പൂക്കളം തീർക്കാൻ

(3) മാലകെട്ടാൻ

(4) സന്തോഷിക്കാൻ

**106. മാതൃഭാഷാടിസ്ഥാനത്തിലുള്ള ബഹു ഭാഷിത്വമെന്നാൽ**

(1) മാതൃഭാഷ മാത്രം പഠിപ്പിക്കൽ

(2) മാതൃഭാഷ മുഖേന പഠിപ്പിക്കൽ

(3) ആദ്യം മാതൃഭാഷയും പിന്നീട് ക്രമത്തിൽ മറ്റു ഭാഷകളും

(4) പല ഭാഷകളും വിദേശ ഭാഷകളും മാതൃഭാഷയെന്ന നിലയിൽ പഠിക്കൽ

**107. സ്ക്കുൾ വിദ്യാഭ്യാസനയത്തിൽ 'ഭാഷ' എന്നാൽ**

(1) ബഹു ഭാഷാ വിദ്യാഭ്യാസം

(2) വിദ്യാഭ്യാസ ഭാഷ

(3) മാതൃഭാഷാധിഷ്ഠിത ബഹു ഭാഷിത്വം

(4) ത്രിഭാഷാ പദ്ധതി

**108. സമഗ്ര ഭാഷാ സമീപനം എന്നത്**

(1) പഠിതാവ് അക്ഷരംതൊട്ട് ശബ്ദം, പദങ്ങൾ, പ്രയോഗങ്ങൾ, വാക്യങ്ങൾ എന്നിവ പഠിക്കുന്നത്.

(2) പഠിതാവ് ഭാഷാ സമൂഹത്തിൽ നിന്ന് ചെറിയ ഘടകങ്ങളായി അക്ഷരം, ശബ്ദം മുതലായവ പഠിക്കുന്നത്.

(3) ഭാഷാ പഠനം ചെറിയഘടകങ്ങളായ അക്ഷരമാലയിൽ നിന്ന് തുടങ്ങുന്നത്

(4) എല്ലാ ഭാഷകളും ഒരു പോലെയാണെന്നു കരുതുന്നത്

**109. ഭാഷാ പഠനത്തിൽ മന: പാഠമാക്കൽ ഏതു ഭാഷാധ്യാപന സമീപനമാണ്?**

(1) ഘടനാത്മക സമീപനം

(2) വ്യാകരണ-വിവർത്തന രീതി

(3) ആശയ വിനിമയ രീതി

(4) സമഗ്ര ഭൗതിക പ്രതികരണം

**110. കാവ്യ ഒരു ഭാഷാധ്യാപികയാണ്. വാക്കുകളോടൊപ്പവും വാക്കകൾക്കു മുമ്പും വാക്കുകൾക്കു ശേഷവും പ്രയോഗിക്കാൻ പറ്റുന്ന പദങ്ങൾ വിഷയാടിസ്ഥാനത്തിൽ കണ്ടെത്താൻ അവർ കുട്ടികളോടാ വശ്യപ്പെടുന്നു. ഈ പ്രത്യേക രീതി അറിയപ്പെടുന്നത്.**

(1) പദങ്ങൾ ചേർത്തുവെയ്ക്കൽ

(2) വേർഡ് വെബ്ബ്

(3) പദകേളി

(4) പദരൂപീകരണം

**111. പഠിതാക്കളുടെ ഭാഷാപരമായ കഴിവു പരിശോധിക്കാൻ ടീച്ചർ ചോദ്യപേപ്പർ തയ്യാറാക്കുന്നു. ഒരു ഖണ്ഡികയിൽ എല്ലാ അഞ്ചാമത്തെ ശബ്ദവും വിട്ടുകളഞ്ഞത് പൂരിപ്പിക്കാൻ കുട്ടികളോട് പറയുന്നു. ഈ പരീക്ഷാ രീതി എന്ത്?**

(1) വായാനാ വധാരണം

(2) പദസഞ്ചയ പരിശോധന

(3) വിട്ടഭാഗം പൂരിപ്പിക്കൽ

(4) ക്ലോസ് ടെസ്റ്റ (Cloze test)

**112. സംഭാഷണത്തിൽ ഉചിതമായ പദം ശരിയായ ക്രമത്തിലും ഉച്ചാരണത്തിലും പ്രയോഗിക്കുന്നത്**

(1) ശരീരഭാഷ

(2) വായനാ തന്ത്രം

(3) ഭാഷാധർമ്മം

(4) ഭാഷയുടെ ഉപയോഗം

113. **ബോധന മാധ്യമമെന്ന നിലയിൽ കഥാഖ്യാനം ഉപയോഗിക്കുന്നത്**

(1) ശ്രവണ പ്രക്രിയയിൽ കുട്ടികളെ സജീവമായി പങ്കെടുപ്പിച്ചുകൊണ്ട്.

(2) കുട്ടികളുടെ സംഭാഷണ നൈപുണി വളർത്തിക്കൊണ്ട്

(3) ഭാഷാ സാഹിത്യ നൈപുണി വികസിപ്പിച്ച്

(4) ക്ലാസ്സിൽ അന്തരീക്ഷം നിലനിർത്തി

114. **സന്ദർഭയുക്ത്മായ വ്യാകരണമെന്നാൽ**

(1) ആവർത്തിച്ചുള്ള അഭ്യാസത്തിലൂടെ വ്യാകരണം പഠിക്കുന്നത്

(2) ആദ്യം വ്യാകരണരുപങ്ങളും പിന്നീട് അതിന്റെ ധർമ്മവും പഠിക്കൽ

(3) സന്ദർഭവുമായി ബന്ധപ്പെട്ട വ്യാകരണരുപങ്ങൾ സ്വാഭാവികമായി ഉദാഹരണങ്ങളിലൂടെ പഠിക്കൽ

(4) ഓരോ ഘട്ടമായി ക്രമത്തിൽ വ്യാകരണഘടന പഠിക്കൽ

115. **എഴുത്തു നൈപുണി അഭ്യസിക്കുന്നതിന് യോജിക്കാത്തത്**

(1) പ്രഭാഷണത്തിന്റെ നോട്ടെടുക്കുന്നത്

(2) വായനയ്ക്കിടയിൽ നോട്ടുകുറിക്കുന്നത്

(3) സംഗ്രഹം തയ്യാറാക്കുന്നത്

(4) പരിപാടിയുടെ കാര്യപരിപാടി തയ്യാറാക്കുന്നത്

116. **പാഠപുസ്തകം രചിക്കുന്നവർ എഴുത്തുകാരുടെ മൗലിക രചനകളായ ഗദ്യഭാഗങ്ങളും പദ്യങ്ങളും കഥകളും ഉൾപ്പെടുത്തുന്നു. പത്രങ്ങളിൽനിന്നും മാസികകളിൽനിന്നുമുള്ള മൗലിക രചനകളും ഉൾപ്പെടുത്തുന്നു. കാരണം.**

(1) ആധികാരിക രചനകളും സ്വാഭാവിക ഭാഷയുമാണ്

(2) ടെക്സ്റ്റ് ബുക്ക് എഴുതുന്നവർക്ക് അവരെ ഇഷ്ടമാണ്

(3) അഭ്യാസരചനയ്ക്ക് പ്രയോജനകരമാണ്

(4) വായിക്കാൻ പര്യാപ്തമാണ്

117. താഴെ കൊടുത്തതിലെ 'ടാസ്ക്' ഏതാണ് ? "ടീച്ചർ സ്വന്തം നിലയിൽ പാഠം വായിക്കുന്നു കുട്ടികൾ ഗ്രൂപ്പുകളായി അത് കുറിച്ചെടുക്കുന്നു തുടർന്ന് പാഠം വീണ്ടും തയ്യാറാക്കുന്നു".

(1) കേട്ടെഴുത്ത്

(2) വ്യാകരണ കേട്ടെഴുത്ത്

(3) ആവർത്തിച്ചുള്ള എഴുത്ത്

(4) പരസ്പരം കേട്ടെഴുത്ത്

118. പ്രഥമഭാഷാ വികസനം അറിയപ്പെടുന്നത്

(1) പഠനം

(2) ആർജ്ജനം

(3) വികസനം

(4) ബൗദ്ധികം

119. പല മാതൃഭാഷകളുള്ള കുട്ടികൾ പഠിക്കുന്ന ക്ലാസ്സിലെ ടീച്ചർ കുട്ടികളോട് അവരുടെ ഭാഷകളിൽ ആശംസകൾ കൈമാറാൻ നിർദ്ദേശിക്കുന്നു. പഠിതാക്കൾ വ്യത്യസ്ത ഭാഷാ പദങ്ങൾ പരിചയപ്പെടുന്നു. ഇതു വഴി അധ്യാപിക ചെയ്യുന്നത്

(1) ബഹുഭാഷിത്വം പ്രഭവമെന്ന നിലയിൽ

(2) ബഹു ഭാഷാ സ്വാധീനം

(3) വൈവിധ്യം ഒരു ഉപാധിയായി

(4) ഏകഭാഷിത്വം

120. ഒരു ഭാഷ പരിചയപ്പെടുത്തുമ്പോൾ മാതൃകാ പരമല്ലാത്ത രീതി

(1) പദ്യങ്ങളിലൂടെയും പാട്ടുകളിലൂടെയും

(2) വാക്കുകളിലൂടെയും ലഘു വാക്യങ്ങളിലൂടെയും

(3) അക്ഷരമാലയിലെ അക്ഷരങ്ങൾ പഠിപ്പിച്ച്

(4) വാചികവും ശ്രവ്യവുമായ രീതിയിൽ

**ഭാഷ II മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V (ചോദ്യങ്ങൾ 121-150)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V [Q. No. 121 – 150],** if they have opted **MALAYALAM** as **LANGUAGE – II** only.

## ഭാഗം – V

## ഭാഷ – II

## മലയാളം

**ഭാഷ – II മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – V (ചോദ്യങ്ങൾ 121-150) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (121-128) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

സാധാരണ ക്ലാസിക്കൽ സാഹിത്യമെന്നു പറയുമ്പോൾ നിയമാനുസൃതമായ രൂപഘടനയും സങ്കേതനിഷ്ഠമായ വർണ്ണനയും അലങ്കാരപ്രാധാന്യവും നായകപ്രാധാന്യവും ചേർന്നുള്ള ബൃഹത് സൃഷ്ടികളായ മഹാകാവ്യങ്ങൾ (Epic) ഉൾപ്പെടും. പാശ്ചാത്യസാഹിത്യത്തിലും ഇതുതന്നെ നില. ക്ലാസിക്കിനു പാശ്ചാത്യപണ്ഡിതന്മാർ കൊടുക്കുന്ന അർത്ഥം, സാർവ്വലൗകികമായ പ്രമേയം സ്വീകരിച്ച് കലാഭദ്രതയോടെ രചിക്കപ്പെടുന്ന ഉൽക്കൃഷ്ടകൃതി എന്നാണ്. നമ്മുടെ സാഹിത്യമീമാംസ അനുസരിച്ച് സാഹിത്യം കർമ്മാനുഭവങ്ങളെ വർണ്ണിക്കുന്നതും അനുവാചനം വഴി ഹൃദയത്തിൽ രസത്തെ സ്ഫുരിപ്പിക്കുന്നതുമാകണം. രണ്ടും വേണം. ചിന്തയെ സ്പർശിക്കുന്ന ഇതിവൃത്തവും ഹൃദയത്തെ സ്പർശിക്കുന്ന ഭാവങ്ങളും. ചിന്താപരമായ പ്രബോധനം മാത്രമാകുമ്പോൾ അതു സാഹിത്യമല്ലാതാകും. ആനന്ദം മാത്രമാകുമ്പോൾ അതു നിസ്സാരമായിത്തീരും. വെണ്മണി തുടങ്ങിയവർ സാഹിത്യത്തെ കേവലമൊരു വിനോദമാക്കിക്കളഞ്ഞു. ആനന്ദത്തിന്റെ ഏറ്റവും താണ തലത്തിൽ. അവർക്കു ജീവിതാ-നുബന്ധമുള്ള കർമ്മലക്ഷ്യമില്ലായിരുന്നു. ഇതു രണ്ടും ഇണങ്ങിച്ചേർന്ന ബൃഹത്തായ കൃതികളെയാണ് ക്ലാസിക്കുകൾ എന്നു പറയുന്നത്. നമ്മുടെ ക്ലാസിക് സാഹിത്യത്തിൽ അപ്പുറത്തൊന്നും കാണാത്ത ചില രൂപവിശേഷങ്ങളുണ്ട്. ഏറ്റവും പഴയ രണ്ടു കഥാഖ്യാന കൃതികളെ ഇതിഹാസം എന്ന്

പറഞ്ഞുപോന്നു. പ്രവചനമെന്നും പറയും. ഇതിഹാസത്തിനു പുരാണകാവ്യമെന്നും അർത്ഥമുണ്ട്. ഇതിഹാസം എന്നു പറയുന്നത് പണ്ടത്തെ കഥ എന്ന അർത്ഥത്തിലാണ്. കഥായുക്തമായ പൂർവ്വവൃത്തങ്ങളാണ് രാമായണവും ഭാരതവും. ഇങ്ങനെ രണ്ടു ഇതിഹാസമേയുള്ളു. അവയ്ക്കു ശേഷം ഇതിഹാസം എഴുതപ്പെട്ടിട്ടില്ല. രാമായണവും ഭാരതവും പോലെയുള്ള കൃതികൾ പിന്നീട് ഉണ്ടായില്ല. പുരാണങ്ങൾ ദർശനത്തിലും ഭാവനയിലും ഇവയുടെ അടുത്തെങ്ങും എത്തില്ല. കാളിദാസനുപോലും മഹാകാവ്യമെഴുതാനേ സാധിച്ചുള്ളു. രാമായണ-ഭാരത മാതൃകകളിൽ എഴുതാൻ സാധിച്ചില്ല. വ്യക്തികളുടെ ജീവിതം അവതരിപ്പിച്ചുകൊണ്ട് സമൂഹത്തിന്റെ ജീവിതത്തെ ആകമാനം പ്രതിപാദ്യമാക്കി ധർമ്മാധർമ്മങ്ങളെ വേർതിരിച്ചറിയാനുള്ള സന്ദർഭങ്ങൾ കഥകളിലൂടെയും ഉപാഖ്യാനങ്ങളിലൂടെയും എണ്ണമില്ലാതെ സൃഷ്ടിച്ച്, രചനയെബ്രഹ്മാണ്ഡം പോലെ വിസ്തൃതമാക്കി മാറ്റുന്ന കലയാണ് ഇതിഹാസം. കഥാപാത്രങ്ങൾ കണക്കില്ലാതെ-വിശേഷിച്ചും മഹാഭാരതത്തിൽ, എന്നാൽ ഓരോ കഥാപാത്രത്തിനും ഓരോ മുഖം. രണ്ടു മുഖം ഒരു പോലെയില്ല. പഞ്ചപാണ്ഡവന്മാർ സഹോദരന്മാരാണ്. പക്ഷേ തമ്മിൽ എന്തു വ്യത്യാസം ! സമൂഹജീവിതത്തിന്റെ പ്രതിഫലനവും വ്യക്തിജീവിതങ്ങളുടെ ചിത്രീകരണമായും അനുഭവപ്പെടും.

**121. സാഹിത്യം സാഹിത്യമല്ലാതായിത്തീരുന്നത്**

(1) ആനന്ദം ഇല്ലാതാകുമ്പോൾ

(2) ചിന്താപരമായ പ്രബോധനം മാത്രമാകുമ്പോൾ

(3) രസത്തിന് അമിതപ്രാധാന്യം നൽകുമ്പോൾ

(4) ഭാവത്തിന് പ്രാധാന്യം നൽകാതിരിക്കുമ്പോൾ

**122. 'ഇതിഹാസം' എന്നതിന്റെ അർത്ഥത്തിൽ പ്പെടാത്തത്**

(1) ദർശനം

(2) പണ്ടത്തെ കഥ

(3) പ്രവചനം

(4) പുരാണകാവ്യം

**123. സാഹിത്യമീമാംസയനുസരിച്ച് സാഹിത്യമെന്നാൽ**

(1) കർമ്മനുഭവങ്ങൾ വർണ്ണിക്കുന്നതാവണം

(2) രസപ്രാധാന്യമുള്ളതാവണം

(3) കർമ്മാനുഭവങ്ങൾ വർണ്ണിക്കുന്നതോടൊപ്പം രസം സ്ഫുരിപ്പിക്കുന്നതുമാവണം

(4) ഭാവാത്മകമാവണം

**124. ധർമ്മാധർമ്മങ്ങൾ സമാസരുപമേത്**

(1) അവ്യയീഭാവൻ

(2) ബഹുവ്രീഹി

(3) തൽപുരുഷൻ

(4) ദ്വന്ദ്വസമാസം

**125. 'രാമായണം' എന്നത്**

(1) പുരാണമാണ്

(2) ഇതിഹാസമാണ്

(3) മഹാകാവ്യമാണ്

(4) നാടകമാണ്

**126. വെണ്മണിക്കവികൾ സാഹിത്യത്തെ കണ്ടത്**

(1) വിജ്ഞാനമായി

(2) കർമ്മത്തിലധിഷ്ഠിതമായി

(3) വിനോദമായി

(4) പ്രബോധനത്തിനായി

**127. മഹാഭാരതത്തിന്റെ പ്രത്യേകതയായി ഗദ്യത്തിൽ ചൂണ്ടിക്കാണിക്കുന്നത്**

(1) പല കഥാപാത്രങ്ങൾക്ക് ഒരേ മുഖമുള്ളത്

(2) ഓരോ കഥാപാത്രത്തിനും ഓരോ മുഖമുള്ളത്

(3) ഒരു കഥാപാത്രത്തിന് ഒരു മുഖം

(4) ഒരു കഥാപാത്രത്തിന് പലമുഖമുള്ളത്.

**128. പാശ്ചാത്യ പണ്ഡിതന്മാർ ക്ലാസിക്കിനു നൽകുന്ന അർത്ഥം**

(1) അലങ്കാര പ്രാധാന്യം മാത്രമുള്ളത്

(2) സാർവ്വലൗകികമായ പ്രമേയം സ്വീകരിച്ച് കലാഭദ്രതയോടെ രചിക്കപ്പെടുന്ന കൃതി

(3) സാർവ്വലൗകികമായ പ്രമേയം സ്വീകരിച്ച് രചിക്കപ്പെട്ടവ

(4) നായകപ്രാധാന്യവും സങ്കേതനിഷ്ഠമായ വർണ്ണനയും ചേർന്നുള്ളത്

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (129-135) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക :**

മനുഷ്യശരീരം കോടിക്കണക്കിന് കോശങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്ന് നമുക്കറിയാം. എല്ലാ കോശങ്ങളും ഒരുപോലെയല്ല. ഏകകോശ ജീവികളിൽനിന്നും സങ്കീർണ്ണങ്ങളായ സസ്തനികളിലേക്കുള്ള ജീവന്റെ നീണ്ട പരിണാമത്തിൽ മനുഷ്യശരീരകോശങ്ങൾ പല വിശേഷജ്ഞാനങ്ങളും ആർജ്ജിച്ചിട്ടുണ്ട്. ഉദാഹരണത്തിന് എല്ലുകളിലെയും മജ്ജയിലെയും കോശങ്ങൾ കൈകളിലെ മസിൽകോശങ്ങളിൽനിന്നും തുലോം വ്യത്യസ്തമാണ്. ഇവ രണ്ടിൽനിന്നും വ്യത്യസ്ത തൊലിയിലെ കോശങ്ങൾ ഓരോ ശരീരഭാഗത്തിന്റെയും ഉപയോഗത്തിനനുസരിച്ചാണ് ആ ഭാഗത്തെ കോശങ്ങളുടെഘടന.

നാം ജീവിച്ചിരിക്കുന്നത്രയും കാലം നമ്മുടെ ശരീരത്തിലെ കോശങ്ങൾ ജീവിച്ചിരിക്കില്ല. അവയ്ക്ക് ചെറിയ ആയുസ്സേയുള്ളു. അവ വളരുന്നു, അവയുടെ ജോലി ചെയ്യുന്നു, മരിക്കുന്നു അവയ്ക്ക് പകരം പുതിയ കോശങ്ങൾ ഉണ്ടാകുന്നു. ഒരു കോശത്തിന്റെ ജീവിതകാലഘട്ടം ഏതാനും ദിവസങ്ങൾ മുതൽ വർഷങ്ങൾവരെ ആയിരിക്കാം. അവയുടെ ജീവിതചക്രം തികച്ചും വ്യത്യസ്തമാണ്. തലച്ചോറിലെ കോശങ്ങളായ ന്യൂറോണുകൾ നമ്മുടെ ചെറുപ്പ കാലത്ത് മാത്രമാണ് പൂർണ്ണവളർച്ചയിലെത്തുന്നത്. പിന്നെ അവയ്ക്ക് വളർച്ചയില്ല, നശിക്കൽ മാത്രമേ ഉള്ളു. ഇവ വീണ്ടും മാറ്റിവെക്കപ്പെടുന്നതേയില്ല.

മനുഷ്യജീവന്റെ വളർച്ചാഘട്ടത്തിൽ (ഭ്രൂണാവസ്ഥയിൽ) എല്ലാ കോശങ്ങളും പൊതുവായ ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. ഈ കോശങ്ങളെയാണ് സ്റ്റെം സെൽസ് എന്നുവിളിക്കുന്നത്. ഭ്രൂണം വളരുന്നതനുസരിച്ച് ഇവയോരോന്നും പ്രത്യേക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു

തുടങ്ങും. മിക്കകോശങ്ങളും (കമ്മിറ്റഡ് സ്റ്റെം സെല്ലുകൾ) ശരീരഭാഗങ്ങളായി മാറുംവിധം പ്രത്യേകമായി വികസിക്കുകയും പെരുകുകയും അതേതരത്തിലുള്ള മറ്റ് കോശങ്ങളാൽ പുന:സ്ഥാപിക്കപ്പെടുകയും ചെയ്യും. പക്ഷേ, ചില കോശങ്ങൾ അൺകമ്മിറ്റഡ് സ്റ്റെം സെല്ലുകളെന്നാണറിയപ്പെടുന്നത്. ഇവ പൊതുവായ ഉപയോഗത്തിനുള്ളതാണ്. ഏത് ശരീരഭാഗത്തെ വേണമെങ്കിലും ഇവ സഹായിക്കാം.

വരുന്ന ദശകങ്ങളിൽ നാനോടെക്നോളജിയുടെയും സ്റ്റെം സെൽ ഗവേഷണങ്ങളുടെയും ഉദയം പുതിയ വൈദ്യപരിശോധനാശേഷികൾക്ക് വഴിതെളിച്ചേക്കാം. പ്രധാനമായും പ്രാഥമിക ഘട്ടത്തിൽ കാൻസർ കണ്ടെത്തി ചികിത്സിക്കുന്നതിലും ആർട്ടെറികളിലെ തടസ്സങ്ങൾ നീക്കുന്നതിലും കരളിന്റെയും തലച്ചോറിന്റെയും തകരാറുകൾ പരിഹരിക്കുന്നതിലും ഇങ്ങനെ പല തലത്തിലും ഈ അറിവുകൾ നമ്മെ സഹായിച്ചേക്കും.

**129. മനുഷ്യശരീരം നിർമ്മിക്കപ്പെട്ടിരിക്കുന്നത്**

(1) മജ്ജകളാൽ

(2) കോശങ്ങളാൽ

(3) എല്ലുകളാൽ

(4) മസിലുകളാൽ

**130. മനുഷ്യജീവന്റെ ഏതു ഘട്ടത്തിലാണ് എല്ലാ കോശങ്ങളും പൊതുവായ ലക്ഷ്യത്തിൽ പ്രവർത്തിക്കുന്നത്**

(1) ബാല്യകാലത്ത്

(2) കൗമാരകാലത്ത്

(3) ഭ്രൂണാവസ്ഥയിൽ

(4) വാർദ്ധക്യത്തിൽ

**131. അൺകമ്മിറ്റഡ് സ്റ്റെം സെല്ലുകൾ**

(1) പ്രത്യേക ശരീരഭാഗത്തെ സഹായിക്കും

(2) പ്രത്യേകിച്ച് ലക്ഷ്യങ്ങളൊന്നുമില്ലാത്തത്

(3) മറ്റു കോശങ്ങളാൽ പുനഃസ്ഥാപിക്കപ്പെടുന്നു

(4) ഏത് ശരീരഭാഗത്തെ വേണമെങ്കിലും സഹായിക്കും

132. ന്യൂറോണുകൾ പൂർണ്ണ വളർച്ചയിൽ എത്തുന്ന തെപ്പോൾ

(1) ചെറുപ്പകാലത്ത്

(2) ശൈശവത്തിൽ

(3) ബാല്യത്തിൽ

(4) കൗമാരത്തിൽ

133. 'സങ്കീർണ്ണം' എന്നതിന്റെ വിപരീതപദം

(1) ലളിതം

(2) സാരൂപ്യം

(3) അനേകം

(4) സായൂജ്യം

134. സ്റ്റെം സെൽ ഗവേഷണം

(1) ആർട്ടെറികളിൽ തടസ്സമുണ്ടാക്കുന്നു

(2) പ്രാഥമിക ഘട്ടത്തിൽ തന്നെ കാൻസർ കണ്ടെത്താൻ സഹായിക്കുന്നു

(3) തലച്ചോറിന് വൈകല്യമുണ്ടാക്കുന്നു.

(4) കരളിന്റെ പ്രവർത്തന ക്ഷമത ഇല്ലാതാക്കുന്നു.

135. കോശങ്ങളുടെ ഘടനയ്ക്ക് ആസ്പദം

(1) ശരീരഭാഗത്തിന്റെ വലുപ്പത്തിനനുസൃതമായി

(2) ശരീരഭാഗത്തിന്റെ നിറത്തിനനുസൃതമായി

(3) ശരീരഭാഗത്തിന്റെ ഉപയോഗത്തിനനുസൃതമായി

(4) ശരീരഭാഗത്തിന്റെ വിശ്രമത്തിനനുസൃതമായി

136. ഇന്ത്യൻ ഭരണ ഘടനയുടെ 343(2) എന്ന വകുപ്പ് നിർദ്ദേശിക്കുന്നത്

(1) ഹിന്ദി ഔദ്യോഗിക ഭാഷയാണ്

(2) ഹിന്ദി അസ്സോസിയേറ്റ് ഔദ്യോഗിക ഭാഷയാണ്

(3) ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയാണ്

(4) ഇംഗ്ലീഷ് അസ്സോസിയേറ്റ് ഔദ്യോഗിക ഭാഷയാണ്.

137. താഴെ കൊടുത്തവയിൽ ക്ലാസ്സിക്കൽ ഭാഷയുടെ പരിധിയിൽ പെടാത്തത്

(1) 1500-2000 വർഷത്തെ ചരിത്രം വേണം

(2) പ്രാചീനസാഹിത്യവും ഇതിഹാസങ്ങളും ഉണ്ടായിരിക്കണം

(3) ഭരണഘടനയുടെ ഷെഡ്യൂളിൽ പെടുന്നതായിരിക്കരുത്

(4) സ്വന്തമായിട്ടല്ലാതെ മറ്റുള്ള വരിൽ നിന്നു കടമെടുത്ത സാഹിത്യമായിരിക്കുന്നുത്

138. പഠിതാക്കളുടെ ശ്രവണ നൈപുണി വിലയിരുത്തേണ്ടത്

(1) കൃത്യമായ പരിശീലനത്തിലൂടെയും അഭ്യാസത്തിലൂടെയും

(2) ഒരു കഥ പറഞ്ഞശേഷം അവധാരണശേഷി അളക്കുന്ന ചോദ്യങ്ങൾ ചോദിച്ച്

(3) മൗനവായനക്കുള്ള അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട്

(4) പഠിതാക്കളെ ഉല്ലാസയാത്രയ്ക്കു കൊണ്ടു പോകുന്നതിലുടെ

139. വായനയുടെ പ്രാരംഭഘട്ടത്തിൽ ടീച്ചർ ചെയ്യേണ്ടത്

(1) ഭാഷയുടെ അക്ഷരമാല മന: പാഠമാക്കുക.

(2) തടസ്സമില്ലാത്ത വായന

(3) അക്ഷരവും ഉച്ചാരണവുമായുള്ള സാമ്യം

(4) വായനയിലെ സൂക്ഷ്മത

140. ശ്രവണവും വായനയും

(1) സ്വീകരണ നൈപുണിയാണ്

(2) ആവിഷ്കരണ നൈപുണിയാണ്

(3) തീവ്ര നൈപുണിയാണ്

(4) ചിന്താ നൈപുണിയാണ്

141. എഴുതിത്തുടങ്ങുന്നവരുടെ ആവശ്യമനുസരിച്ച് അധ്യാപകർ പ്രതികരിക്കേണ്ടത്

(1) അവർ വരുത്തിയ വ്യാകരണത്തെറ്റുകളുടെ വിശദ വിവരണങ്ങൾ അവക്ക് ഫീഡ്ബാക്കായിനല്കുക.

(2) അവർ ചെയ്ത പ്രവൃത്തിയെ അവരുടെ രചനയിലെ ഉദ്ധരണികളിലൂടെ പ്രശംസിക്കുക.

(3) തെറ്റുകൾ അവഗണിക്കാൻ അവരോട് ആവശ്യപ്പെടുക.

(4) നന്നായി എഴുതിയതിന് ക്ലാസ്സിൽ പുരസ്കാരം നല്കുക.

142. ഭാഷാ പഠനവും ഭാഷാർജ്ജനവും തമ്മിലുള്ള വ്യത്യാസമെന്ത് ?

(1) ഒഴുക്കും കൃത്യതയും

(2) ഭാഷയിലേക്കുള്ള വെളിപ്പെടൽ

(3) കൃത്യതയും വിന്യാസവും

(4) വിന്യാസവും ഉച്ചാരണവും

143. പ്രഭവമെന്ന നിലയിൽ മാതൃഭാഷയെകുറിച്ചുള്ള പ്രസ്താവനകളിൽ ശരിയല്ലാത്തതേത്?

(1) പഠിതാക്കളെ പഠനത്തിനും ചിന്തിക്കുന്നതിനും ആശയവിനിമയത്തിനും സഹായിക്കുന്നു.

(2) പഠിതാക്കളുടെ അർത്ഥനിർമ്മാണ പ്രക്രിയയിൽ നിർണ്ണായക പങ്കു വഹിക്കുന്നു

(3) മാതൃഭാഷ മെച്ചപ്പെട്ട ബോധന സാധ്യത തുറന്നു തരുന്നു.

(4) ദ്വിതീയഭാഷയെ നിസ്സാരമാക്കുന്നു.

144. പ്രൈമറിതലത്തിലെ കുട്ടിയുടെ ഭാഷാപരമായ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ?

(1) വ്യാകരണജ്ഞാനം

(2) ഭാഷാസമ്പന്നമായ അന്തരീക്ഷം

(3) ടെക്സ്റ്റ് ബുക്കിലെ ഭാഷ

(4) പഠിതാവിനെ വിലയിരുത്തൽ

145. പോർട്ട് ഫോളിയോ എന്നത്

(1) സ്വയം വിലയിരുത്തൽ

(2) അദ്ധ്യാപക വിലയിരുത്തൽ

(3) സ്വയം വിലയിരുത്തലും അധ്യാപകന്റെയും വിലയിരുത്തലും

(4) സംസ്ഥാന ബോർഡിന്റെ വിലയിരുത്തൽ

146. പദപ്രശ്നം ഏതു നൈപുണിയെ വളർത്തുന്നു

(1) ശ്രവണം

(2) എഴുത്ത്

(3) പദസഞ്ചയം

(4) സാഹിത്യപരമായ അർത്ഥം

**147. ഭാഷണ വൃത്തി വിലയിരുത്തുന്നതിന് ആവശ്യമില്ലാത്തത്**

(1) ശബ്ദങ്ങളുടെ ഉച്ചാരണം

(2) ഉള്ളടക്കസംബന്ധിയായ രുപങ്ങളുടെ ഉചിതമായ ഉപയോഗം

(3) നിഘണ്ടുവും തിസ്സോറസും ഉപയോഗിക്കുക

(4) ഭാഷണത്തിലെ വ്യക്തത.

**148. അക്ഷരമാലയും അതിന്റെ ശബ്ദോച്ചാരണവും പഠിപ്പിച്ചുകൊണ്ട് വായന അഭ്യസിപ്പിക്കുന്നത് ഏതുരീതി ?**

(1) പ്രത്യക്ഷ രീതി

(2) ഭാഷാശാസ്ത്ര രീതി

(3) സമഗ്ര ഭാഷാ രീതി

(4) ഭാഗിക ഭാഷാ രീതി

**149. പാഠപുസ്തകത്തിനു പുറത്തു കടക്കുക എന്നാൽ**

(1) പാഠപുസ്തകത്തിനു പുറമെ പഠന സാമഗ്രികൾ നല്കുക.

(2) പാഠപുസ്തകത്തെ ഒഴിവാക്കി മറ്റുള്ളത് പഠിപ്പിക്കുക.

(3) പാഠപുസ്തകത്തെ ആധാരമാക്കി അറിവുനൽക്കുക

(4) പാഠപുസ്തകത്തിനു പുറത്തുള്ളവ പഠിപ്പിച്ച് കുട്ടികളുടെ ഭാരം വർദ്ധിപ്പിക്കുക.

**150. മൂന്നാം ക്ലാസ്സിലെ കുട്ടികൾക്ക കവർ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അധ്യാപിക നല്കുന്നു. കുട്ടികൾ അതു ചെയ്യുന്നു. ഭാഷാ ക്ലാസ്സിൽ കുട്ടികളെ ഇതു സഹായിക്കുന്നത്**

(1) എഴുത്തുനൈപുണി വർദ്ധിപ്പിക്കാൻ

(2) ഭാഷണനൈപുണി വർദ്ധിപ്പിക്കാൻ

(3) ശ്രവണനൈപുണി വർദ്ധിപ്പിക്കാൻ

(4) സർഗശേഷി വർദ്ധിപ്പിക്കാൻ

SPACE FOR ROUGH WORK

**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധ ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാ പുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ലെന്ന പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടു വരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷാ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററിന്റെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, ക്രമക്കേടുകാട്ടിയതായും കണക്കാക്കും.
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാധകമാണ്. എല്ലാവിധ ക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

## निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें ।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **काले/नीले बॉल पॉइन्ट पेन** से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
5. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी । इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए ।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
8. मोबाइल फोन, बेतार संचार युक्तियाँ (स्वीच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए । इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और उनके विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित ।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा । **परीक्षार्थी अपने बाएँ हाथ के अंगूठे का निशान हाज़िरी-पत्र में दिए गए स्थान पर अवश्य लगाएँ ।**
12. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
14. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल / कक्ष छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें । परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।**

## READ THE FOLLOWING INSTRUCTIONS CAREFULLY:

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Black/Blue Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against them including cancellation of examination.
9. Each candidate must show on demand his / her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his / her seat.
11. The candidates should not leave the Examination Hall/Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet a second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic / Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Board.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room. *The candidates are allowed to take away this Test Booklet with them.***